# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1931
## 08.03.2018 ലെ മറുപടിക്ക്

**<u>സാമാജികരുടെ പ്രാദേശിക/ആസ്തി വികസന ഫണ്ട്</u>**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയമസഭാ സാമാജികരുടെ പ്രാദേശിക/ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി 2017-18 ൽ ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയ പദ്ധതികളുടെ ഭരണാനുമതി നിശ്ചിത സമയത്തിനുള്ളിൽ തന്നെ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയ്ക്കായുള്ള പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 29.12.2017-ലെ സ.ഉ.(അ) നം. 161/2017/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 3.2.2 പ്രകാരം എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കി 30 ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി 04.07.2017-ലെ സ.ഉ.(അ) നം. 86/2017/ധന പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവിന് സ.ഉ.(അ) നം. 153/2017/ധന തീയതി 01.12.2017 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് ഡി.പി.ആർ സഹിതം ലഭിക്കുന്ന ശുപാർശകൾക്ക് വിശദമായ പരിശോധനയ്ക്ക് ശേഷം 30 ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | പ്രാദേശിക/ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി നൽകുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുമ്പോൾ ഉത്തരവിന്റെ പകർപ്പ് ഇ മെയിൽ മുഖേന ഉടൻ തന്നെ നൽകുവാനുള്ള നിർദ്ദേശം ജില്ലാ ഭരണകൂടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ